File No.DWCD/2931/2022-E7

"ഭരണഭാഷ-മാതൃഭാഷ"

**<u>വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**

**(സാന്നിദ്ധ്യം: പ്രിയങ്ക.ജി.ഐ.എ.എസ്)**

വിഷയം :- വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1) വനിത ശിശുവികസന ഡയറക്ടറുടെ 11/01/2021 തിയതിയിലെ WCD-E8/12833/2020 നമ്പർ ഉത്തരവ്.

2) സ.ഉ (കൈ) 06/2021/സാനീവ തിയതി 15/02/2021

3) വനിത ശിശുവികസന ഡയറക്ടറുടെ 14/07/2021 തിയതിയിലെ WCD-E7/5000/2021 നമ്പർ ഉത്തരവ്.

4) വനിത ശിശുവികസന ഡയറക്ടറുടെ 16/06/2022 തിയതിയിലെ DWCD-1934/2022-E9 നമ്പർ ഉത്തരവ്.

5) വനിത ശിശുവികസന ഡയറക്ടറുടെ 20-06-2022 തീയതിയിലെ DWCD/2205/2022/E1 നമ്പർ പരിപത്രം

**<u>ഉത്തരവ് നം.DWCD/2931/2022-E7 തീയതി 19/07/2022</u>**

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സാമൂഹ്യനീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും രൂപീകരിച്ച സാഹചര്യത്തിൽ ഇരു വകുപ്പുകൾക്കും പ്രത്യേകമായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നത് വരെ ക്ഷേമ സ്ഥാപന സൂപ്രണ്ട് തസ്തികകളുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ താൽക്കാലികമായി നിർണ്ണയിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാരിൽ നിന്നാണ് സ്ഥാനക്കയറ്റം നൽകേണ്ടത്.

വനിതാ ശിശു വികസന വകുപ്പിൽ പരാമർശം (4) പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിന്നും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേയ്ക്ക് ശ്രീമതി.ബിനുജോണിന് ഉദ്യോഗക്കയറ്റം അനുവദിച്ചതു മുഖേന ഒരു ഒഴിവ് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിലവിലുണ്ട്. പരാമർശം (1) പ്രകാരമുള്ള ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിലെ 5 ജീവനക്കാർ നിശ്ചിത യോഗ്യത നേടിയിട്ടില്ലായിരുന്നതിനാൽ(ക്രമ നമ്പർ 1,2,3,8,12) പ്രസ്തുത ജീവനക്കാരെ ഒഴിവാക്കി സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 9,10,11,14,15 വരെയുള്ള ജീവനക്കാർക്ക് പരാമർശം(3) പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചിരുന്നു. എന്നാൽ നിലവിൽ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം.2 ആയ ശ്രീമതി.സതി.കെ പ്രൊബേഷൻ പൂർത്തീകരിച്ച് ഉദ്യോഗക്കയറ്റത്തിന് അർഹത നേടിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള ഒരു

ഒഴിവിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹയായ ജീവനക്കാരിയ്ക്ക് കെ.എസ്.ആർ പാർട്ട് I റൂൾ 28 എ(1) പ്രകാരം 41300–87000 ശമ്പള സ്കെയിലിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ചുവടെ പറയും പ്രകാരം നിയമനം നൽകി ഉത്തരവാകുന്നു

**<u>ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം</u>**

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം | കോഴിക്കോട് മഹിളാമന്ദിരത്തിന്റെ ചുമതല ഏറ്റെടുക്കേണ്ട ജീവനക്കാർ |
|---|---|---|---|
| 1 | ശ്രീമതി.സതി.കെ<br>ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 3<br>മഹിളാമന്ദിരം ,കോഴിക്കോട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ഗവ.ചിൽഡ്രൻസ് ഹോം(ബോയ്സ്)<br>മലപ്പുറം | **<u>ഡി.ഡി.ഒ യുടെ ചുമതല</u>**<br><u>ശ്രീമതി.ബിനുജോൺ.</u><br>(ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1,<br>ആഫ്റ്റർ കെയർ ഹോം(വുമൺ) കോഴിക്കോട്<br><br>**<u>മറ്റെല്ലാ ദൈനംദിന ചുമതലകളും</u>**<br>ശ്രീമതി.രമ്യ.എ (മേട്രൺ ഗ്രേഡ് 1,മഹിളാമന്ദിരം,കോഴിക്കോട്) |

വകുപ്പിലെ ജീവനക്കാരുടെ 2022 ലെ പൊതു സ്ഥലംമാറ്റത്തിനുള്ള നടപടികൾ ആരംഭിക്കുകയും ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കുന്നതിനും മറ്റ് നടപടിക്രമങ്ങൾക്കുമായി പരാമർശം (5) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരിയെ നിയമിക്കുന്ന കാര്യാലയം 2022 ലെ പൊതു സ്ഥലംമാറ്റ നടപടികൾക്കായി ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും, പൊതുസ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയത്തിലേയ്ക്ക് ഇപ്പോൾ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന ജീവനക്കാരിയെ മാറ്റി നിയമിക്കുന്നതാണ്

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയെ ബന്ധപ്പെട്ട

കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും ജീവനക്കാരിയുടെ വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്-
1.ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക്

2 സൂപ്രണ്ട്,ആഫ്റ്റർ കെയർഹോം,(വുമൺ)കോഴിക്കോട്

3,സൂപ്രണ്ട്,ഐ.റ്റി.സെൽ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

4,സ്റ്റോക്ക് ഫയൽ/സ്പെയർ

Signature valid

Digitally signed by Priyanka G
Date: 2022.07.19 11:57:01 IST
Reason: Approved